# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം : 3566 | 26-06-2012-ൽ മറുപടിക്ക്

### വൈദ്യുതി ബോർഡിൻെറ കുടിശ്ശിക ഈടാക്കൽ.

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.. ചിററയം ഗോപകുമാർ | | ശ്രീ. ആര്യാടൻ മുഹമ്മദ്. (ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി.) | |
| (എ) | വൈദ്യുതിബോർഡിന് ലഭിക്കേണ്ട ഏററവും ഭീമമായ കുടിശ്ശികത്തുക സ്വകാര്യസ്ഥാപനങ്ങളിൽ നിന്നുമാണെന്ന് ഈ സർക്കാരിന് ബോധ്യമുണ്ടോ ? | (എ) | 31.03.2012 വരെ വൈദ്യുതി ബോർഡിന് ആകെ 1300.81 കോടി രൂപ കുടിശ്ശികയിനത്തിൽ പിരിഞ്ഞുകിട്ടാനുണ്ട്. ഇതിൽ സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും പിരിഞ്ഞുകിട്ടാനുള്ളത് 568.72 കോടി രൂപയാണ്. |
| (ബി) | ഗാർഹിക ഉപഭോക്താക്കളുടെ പക്കൽനിന്നും കുടിശ്ശിക ഈടാക്കുന്നതിൽ വീഴ്ച വരുത്താത്ത സർക്കാർ എന്തുകൊണ്ട് സ്വകാര്യ സ്ഥാപനങ്ങളിൽനിന്നും കുടിശ്ശിക ഈടാക്കുന്നതിൽ വീഴ്ച വരുത്തുന്നതെന്നറിയിക്കുമോ ; | (ബി) | സ്വകാര്യ സ്ഥാപനങ്ങളുടെ കുടിശ്ശിക ഈടാക്കുന്നതിൽ വൈദ്യുതി ബോർഡ് വീഴ്ച വരുത്തുന്നില്ല. എന്നാൽ കുടിശ്ശിക വരുത്തിയിട്ടുള്ള ചില സ്വകാര്യ ഉപഭോക്താക്കൾ നൽകിയിട്ടുള്ള കേസുകൾ വിവിധ കോടതികളിൽ തീർപ്പാകാതെ നിലനിൽക്കുന്നതു മൂലം കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ തടസ്സം നേരിടുന്നുണ്ട് |
| (സി) | മൊബൈൽ കമ്പനികൾ വൈദ്യുതിബോർഡിന് നൽകേണ്ട കുടിശ്ശികത്തുക അവർ പരസ്യത്തിനായി ചെലവഴിക്കുന്ന തുകയിലും കുറവാണെന്ന് സർക്കാരിന് ബോധ്യമുണ്ടോ ; | (സി) | ഇക്കാര്യത്തിൽ താരതമ്യപഠനം നടത്തിയിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | എങ്കിൽ അവരിൽനിന്നും കുടിശ്ശിക പിരിച്ചെടുക്കുവാനുള്ള സാങ്കേതിക തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ ; | (ഡി) | കോടതി വ്യവഹാരങ്ങളും റവന്യൂ റിക്കവറി നടപടികളിൽ വരുന്ന കാലതാമസവും കുടിശ്ശിക പിരിച്ചെടുക്കുന്നതിനെ ബാധിക്കുന്നുണ്ട്. |
| (ഇ) | ബോർഡിന്റെ കുടിശ്ശികത്തുക പിരിക്കുന്നതിന് മാത്രമായി എന്തെങ്കിലും പ്രത്യേക സംവിധാനം നിലവിലുണ്ടോ ; | (ഇ) | കുടിശ്ശികത്തുക പിരിക്കുന്നതിനായി നിരവധി സംവിധാനങ്ങൾ നിലവിലുണ്ട്. അവ ചുവടെ ചേർക്കുന്നു. |

(i) നിശ്ചിത തീയതിക്കുള്ളിൽ വൈദ്യുതി ചാർജ്ജ് അടയ്ക്കാത്ത ഉപഭോക്താക്കളുടെ വൈദ്യുത ബന്ധം യഥാസമയം വിച്ഛേദിക്കുക.

(ii) കുടിശ്ശിക വരുത്തിയിട്ടുള്ള ഉപഭോക്താക്കൾക്ക് തവണ വ്യവസ്ഥ അനുവദിക്കുക.

(iii) പലിശയിൽ ഇളവനുവദിച്ചുകൊണ്ട് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുക.

(iv) എൽ.ടി/എച്ച്.ടി വിഭാഗങ്ങളിൽ പൂട്ടിക്കിടന്ന വ്യവസായ ശാലകളും പ്ലാൻറേഷനുകളും നിശ്ചിത തീയതിക്ക് മുൻപ് തുറന്ന് പ്രവർത്തിക്കുകയാണെങ്കിൽ ടി സ്ഥാപനങ്ങളുടെ പൂട്ടിക്കിടന്ന കാലയളവിലെ മിനിമം ഡിമാൻറ് ചാർജ്ജ്/ഫിക്സഡ് ചാർജ്ജ് എന്നിവ ഒഴിവാക്കി നൽകുക. ഈ പദ്ധതിയിലൂടെ ദീർഘ കാലമായി മുടങ്ങിക്കിടന്ന കുടിശ്ശിക പിരിച്ചെടുക്കാൻ സാധിച്ചിട്ടുണ്ട്.

(v) റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുക

(vi) കോടതികളിൽ കെട്ടിക്കിടക്കുന്ന കേസുകൾവേഗത്തിൽതീർപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കുക.

(vii) റവന്യൂ അദാലത്തുകൾ സംഘടിപ്പിക്കുക. കൂടാതെ കുടിശ്ശിക പിരിവ് ഊർജ്ജിതപ്പെടുത്തുവാനായി ഒരു ടാസ്ക് ഫോഴ്സ് രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നുണ്ട്.

| | | | |
|---|---|---|---|
| (എഫ്) | ഇല്ലായെങ്കിൽ അത്തരമൊരു സംവിധാനം ഉണ്ടാക്കുന്നതിന് സമയബന്ധിതമായി ശ്രമിക്കുമോ ? | (എഫ്) | ബാധകമല്ല |

സെക്ഷൻ ഓഫീസർ.